7 (*127) റവന്യൂ കാർഡ് വിതരണത്തിനുള്ള നടപടികൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. പി. വിശ്വൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും ഈ വർഷം തന്നെ റവന്യൂകാർഡ് വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള ഏതെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ കാർഡ് വിതരണം ഏതു ജില്ലയിലാണ് ആദ്യം നടപ്പാക്കിയത്; എത്ര കുടുംബങ്ങൾക്ക് റവന്യൂകാർഡ് വിതരണം ചെയ്തിട്ടുണ്ട്;

(സി) ഒരു കുടുംബത്തെ സംബന്ധിച്ചുള്ള എന്തൊക്കെ വിവരങ്ങളാണ് റവന്യൂ കാർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) റവന്യൂകാർഡ് തയ്യാറാക്കുന്നതിനും, വിതരണം ചെയ്യുന്നതിനും ബഹുജന പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ;

(ഇ) റവന്യൂകാർഡ് തയ്യാറാക്കുന്നതിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണം തേടിയിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ജി) റവന്യൂ കാർഡ് വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പോരായ്മ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്നും അതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(എച്ച്) റവന്യൂ കാർഡിന്റെ വിതരണം സംസ്ഥാനത്ത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ)&(ബി) 1999-ലെ റവന്യൂകാർഡ് ആക്ടിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ റവന്യൂ കാർഡ് ചട്ടങ്ങൾ നിലവിൽ വന്നുകഴിഞ്ഞു. റവന്യൂകാർഡ് വിതരണത്തിന്റെ ആദ്യഘട്ടമായി എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ റവന്യൂകാർഡ് വിതരണത്തിനുള്ള നടപടികൾ ആരംഭിക്കുകയും 4000 കുടുംബങ്ങൾക്ക് കാർഡ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ബാക്കി കുടുംബങ്ങൾക്ക് നൽകാനുള്ള കാർഡുകൾ തയ്യാറാക്കിവരുന്നു. റവന്യൂകാർഡിൽ ചേർക്കുവാൻ ജില്ല, താലൂക്ക്, വില്ലേജ് എന്നിവയ്ക്കുള്ള കോഡുനമ്പറുകൾ തയ്യാറാക്കുന്നതിനും, റവന്യൂകാർഡ് നൽകുന്ന കാര്യത്തിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിക്കൊണ്ടുള്ള സർക്കുലർ പുറപ്പെടുവിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(സി) കുടുംബനാഥന്റെയും, മറ്റംഗങ്ങളുടെയും പേര്, ജനനതീയതി, വയസ്സ്, തൊഴിൽ, വരുമാനം, ജാതി, മതം, മേൽവിലാസം എന്നീ കാര്യങ്ങളും, ഓരോരുത്തരുടെയും കൈവശത്തിലുള്ള ഭൂമി, കെട്ടിടം, ഓരോരുത്തർക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ, ബാദ്ധ്യതകൾ തുടങ്ങി ഒരു കുടുംബത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) റവന്യൂ കാർഡിനുള്ള അപേക്ഷകൾ വിതരണം ചെയ്യുന്നതിനും, അപേക്ഷകൾ പൂരിപ്പിക്കുവാൻ സഹായിക്കാനും അപേക്ഷകൾ തിരിച്ചുവാങ്ങുന്നതിനും തദ്ദേശസ്ഥാപനങ്ങളുടെയും, സാമൂഹ്യക്ഷേമ സംഘടനകളുടെയും പങ്കാളിത്തം തേടിയിട്ടുണ്ട്.

(ജി) റവന്യൂ കാർഡിന്റെ അപേക്ഷയിൽ ഒരാൾക്ക് പല സർവ്വേ നമ്പറുകളിൽ ഭൂമി ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുഴുവൻ സർവ്വേ നമ്പറുകളും കാർഡിൽ രേഖപ്പെടുത്തിയതായി കാണുന്നില്ലായെന്നുള്ള പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പ്യൂട്ടർ സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റംവരുത്തി ഈ ന്യൂനത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എച്ച്) രണ്ടായിരം ഡിസംബറിനകം കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും റവന്യൂ കാർഡ് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

8 (*128) കയർ ഫെഡിന്റെ പ്രവർത്തനം

ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) റബ്ബറൈസ്ഡ് കയറുൽപ്പന്നങ്ങൽ നിർമ്മിക്കുന്നതിനായി കയർഫെഡ് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കയർഫെഡിൽ കെട്ടിക്കിടക്കുന്ന കയർ വിറ്റഴിക്കാൻ ഉദ്ദേശം ഉണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് കയർ വിറ്റഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വാങ്ങൽ വിൽപന രംഗത്ത് എന്തൊക്കെ നേട്ടങ്ങൾ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കൈവരിക്കാൻ കയർഫെഡിന് കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) വിദേശവിപണിയിൽ എന്തെങ്കിലും നേട്ടമുണ്ടാക്കാൻ കയർഫെഡിന് കഴിഞ്ഞുവോ; എങ്കിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്; ഇക്കാലത്ത് എത്ര തുകയുടെ ഓർഡർ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്. സഹകരണ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന കയറും കയറുൽപ്പന്നങ്ങളും വാങ്ങി വിപണനം നടത്തുകയാണ് അപ്പക്സ് സംഘമായ

LIBRARY ARCHIVES Kerala Legislative Assembly